## 15 -ാം കേരള നിയമസഭ

## 12 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1783** **11-10-2024 - ൽ മറുപടിയ്ക്ക്**

## സഹജീവനം സ്നേഹഗ്രാമം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ മുളയാറിൽ ആരംഭിച്ച 'സഹജീവനം സ്നേഹഗ്രാമം' എൻഡോസൾഫാൻ പുനരധിവാസകേന്ദ്രത്തിന്റെ പ്രവർത്തനം പൂർണമായ രീതിയിൽ ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | കാസറഗോഡ് ജില്ലയിൽ മൂളിയാറിൽ സാമൂഹ്യനീതിവകുപ്പിൻറെ മേൽനോട്ടത്തിൽ ആരംഭിച്ച ' സഹജീവനം സ്നേഹഗ്രാമം' - എൻഡോസൾഫാൻ പുനരധിവാസകേന്ദ്രത്തിന്റെ ഒന്നാം ഘട്ടം പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br><br>ആദ്യഘട്ടത്തിൽ എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസത്തിന് വളരെ അനിവാര്യവും പ്രയോജനകരവുമായ സൈക്കോതെറാപ്പി, ഹൈഡ്രോതെറാപ്പി എന്നിവയും അനുബന്ധ തെറാപ്പികളായ ഫിസിയോതെറാപ്പി, സ്പീച്ച് തെറാപ്പി, ഡെവലപ്മെൻറൽ തെറാപ്പി എന്നിവ നൽകാനുള്ള സംവിധാനങ്ങളാണ് പ്രസ്തുത സ്ഥാപനത്തിൽ തയ്യാറാക്കിയിട്ടുള്ളത്. ഇവ നൽകാൻ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും ഫർണിച്ചർ, തെറാപ്പി ഉപകരണങ്ങൾ എന്നിവയും ലഭ്യമാക്കിയിട്ടുണ്ട്. ഒക്കുപ്പേഷണൽ തെറാപ്പിസ്റ്റ് ഒഴികെ അവശ്യം വേണ്ട തെറാപ്പിസ്റ്റുകളെയും മറ്റ് ജീവനക്കാരെയും നിയമിച്ച് സ്ഥാപനം പൂർണ്ണമായരീതിയിൽ പ്രവർത്തനം നടത്തിവരുന്നു. |
| (ബി) | പ്രസ്തുത സ്ഥാപനത്തിൽ ആവശ്യമായ സ്ഥിരം തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ടോ; | (ബി) | നിലവിൽ സ്ഥാപനത്തിലെ നിയമനങ്ങൾ കരാർ വ്യവസ്ഥയിൽ ആണ് നടത്തിയിട്ടുള്ളത്. ഭരണ നിർവ്വഹണ ചുമതല താൽക്കാലികമായി കാസറഗോഡ് ജില്ലാസാമൂഹ്യനീതി ഓഫീസർക്ക് നൽകിയിട്ടുണ്ട് |
| (സി) | ഏതൊക്കെ പഞ്ചായത്തുകളിലെ എൻഡോസൾഫാൻ ദുരിത ബാധിതരുടെ പുനരധിവാസത്തിനാണ് ഈ കേന്ദ്രം ഉപയോഗിക്കുക എന്ന് വ്യക്തമാക്കാമോ? | (സി) | എൻഡോസൾഫാൻ ദുരിതബാധിത പഞ്ചായത്തുകളായി പ്രഖ്യാപിച്ചിട്ടുള്ള കാസറഗോഡ് ജില്ലയിലെ 11 പഞ്ചായത്തുകളായ എൻമകജെ, ബദിയടുക്ക , പുല്ലൂർ-പെരിയ, അജാനൂർ, കയ്യൂർ-ചീമേനി, കാറഡുക്ക, ബെള്ളൂർ, കുമ്പഡാജെ, മുളിയാർ, കള്ളാർ, പനത്തടി എന്നീ |

| | | | |
|---|---|---|---|
| | | | ഗ്രാമപഞ്ചായത്തുകളിലെ ദുരിതബാധിതരുടെ ശാരീരികവും മാനസികവുമായ പുനരധിവാസം ലക്ഷ്യമിട്ടാണ് സ്ഥാപനം പ്രവർത്തനമാരംഭിച്ചിട്ടുള്ളത്. ഭാവിയിൽ പ്രസ്തുത ജില്ലയിലെ മുഴുവൻ ഭിന്നശേഷിക്കാർക്കും സേവനം ഉപയുക്തമാക്കാവുന്ന അഡ്വാൻസ് തെറാപ്പി സെൻററായി സ്ഥാപനത്തെ ഉയർത്തുവാനാണ് വിഭാവനം ചെയ്തിട്ടുള്ളത് |

സെക്ഷൻ ഓഫീസർ